ഗവ. കരാറുകാർ സമരത്തിലേക്ക്

കൊച്ചി: നിർമാണമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കാൻ അടിയന്തിര നടപടി ആവശ്യപ്പെട്ടു സംസ്ഥാനത്തെ ഗവ. കരാറുകാർ സമരത്തിലേക്ക്. മാർച്ച് നാലിനു പണികൾ നിർത്തിവച്ചു സൂചനാ പണിമുടക്ക് നടത്തുമെന്ന് ഓൾ കേരള ഗവ. കോൺട്രാക്ടേഴ്സ് അസോസിയേഷൻ ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. അന്നു സംസ്ഥാനത്തെ മുഴുവൻ താലൂക്ക് കേന്ദ്രങ്ങളിലും പണിമുടക്കി പ്രതിഷേധ സമരം സംഘടിപ്പിക്കും. പൊതുമരാമത്ത് മാനവൽ പരിഷ്കരിക്കണം, ഗവ. കരാറുകാരുടെ ലൈസൻസ് പുതുക്കുമ്പോൾ കേപ്പബിലിറ്റി സർട്ടിഫിക്കറ്റ് വേണമെന്ന വ്യവസ്ഥ ഒഴിവാക്കണം, പൂർത്തിയാക്കിയ ബില്ലുകൾക്ക് യഥാസമയം പണം നൽകണം എന്നീ ആവശ്യങ്ങളും അസോ. ഉന്നയിച്ചിട്ടുണ്ട്.

കൊട്ടാരം ഗ്രൂപ്പ് നോൾട്ട ലക്കിഡ്രോ

കൊച്ചി: നോൾട്ട ഉത്പന്നങ്ങൾ വാങ്ങു സമ്മാനങ്ങൾ നേടു ലക്കി ഡ്രോ ജേതാക്കളെ നറുക്കെടുത്തു. കൊച്ചിയിലെ കോർപ്പറേറ്റ് ഓഫിസിൽ എം.പി ഹൈബി ഈഡൻ, കൊട്ടാരം ഗ്രൂപ്പ് മാനേജിങ് ഡയറക്ടർമാരായ തോമസ് ജോസഫ് കൊട്ടാരം, സിബി കെ. കൊട്ടാരം, ആന്റണി കൊട്ടാരം എന്നിവരുടെ സാന്നിധ്യത്തിലാണ് നറുക്കെടുത്തത്.

ഒന്നാം സമ്മാനം: മാരുതി എസ്പ്രേസ്സോ കാർ നേടിയത് രഞ്ജിനി അനൂപ്, റാന്നി, രണ്ടാം സമ്മാനം: ടിവി നേടിയത് അജിത, നെന്മാറ, മൂന്നാം സമ്മാനം: ലാപ്പ് ടോപ് നേടിയത് സുബീർ എം. എ.കാഞ്ഞങ്ങാട്.

സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേകവിഭാഗം ആരംഭിക്കുക: കെ.ജി.ഒ.എ.

തൃശൂർ: ജില്ലാ ആയുർവേദ ആശുപത്രിയിൽ സത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേക വിഭാഗം ആരംഭിക്കണമെന്ന് കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ തൃശൂർ ടൗൺ നോർത്ത് ഏരിയാ സമ്മേളനം ആവശ്യപ്പെട്ടു. ചെമ്പൂക്കാവ് ജവഹർ ബാലഭവനിൽ ചേർന്ന സമ്മേളനം കെ.ജി.ഒ.എ. സംസ്ഥാന കമ്മിറ്റി അംഗം എ.ആർ. സുന്ദർലാൽ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ഒ.എ. സതീശ് പതാക ഉയർത്തി. സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഐ.കെ. മോഹൻ, സംസ്ഥാന കമ്മിറ്റി അംഗം എ.പി. അജിത്, ജില്ലാ സെക്രട്ടറി സുരേഷ് കെ. ദാമോദരൻ, ജില്ലാ ജോ. സെക്രട്ടറി കെ.ആർ. സുരേഷ്, ടി.ജി. ബിന്ദു, കെ. ഉണ്ണിക്കൃഷ്ണൻ, ഡോ. അഭിരൂപ്, മൻജുഷ അജിത് എന്നിവർ പ്രസംഗിച്ചു. പുതിയ ഭാരവാഹികളായി കെ. ഉണ്ണിക്കൃഷ്ണൻ (പ്രസിഡന്റ്), ഡോ. ജയന്തി, ഡോ. അഭിരൂപ് (വൈസ് പ്രസിഡന്റുമാർ) ഒ.എ. സതീശ് (സെക്രട്ടറി), മൻജുഷ അജിത്, കെ. മധു (ജോ. സെക്രട്ടറിമാർ), സാറ്റിഷ് സൈമൺ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു. വൈകിട്ട് പാട്ടുരായ്ക്കൽ സെന്ററിൽ ചേർന്ന അനുബന്ധ സമ്മേളനത്തിൽ ' ഫെഡറലിസം നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയം അവതരിപ്പിച്ചു കൊണ്ട് ജില്ലാ പഞ്ചായത്ത് അംഗം പി.എസ്. വിനയൻ ഉദ്ഘാടനം ചെയ്തു. ലൈബ്രറി കൗൺസിൽ ജില്ലാ സെക്രട്ടറി ഹാരി ഫാബി അധ്യക്ഷത വഹിച്ചു.

▪ കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ തൃശൂർ ടൗൺ നോർത്ത് ഏരിയാ സമ്മേളനം കെ.ജി.ഒ.എ. സംസ്ഥാന കമ്മിറ്റി അംഗം എ.ആർ. സുന്ദർലാൽ ഉദ്ഘാടനം ചെയ്യുന്നു.

ശ്രീരാമ പോളിടെക്നിക് ടെക്നിക്കൽ ഫെസ്റ്റ്

തൃപ്രയാർ: കേരള സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ശ്രീരാമ പോളിടെക്നിക് കോളജ് സംഘടിപ്പിക്കുന്ന സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ ഫെസ്റ്റിവൽ അബനിഷ്യോ 29 മുതൽ മാർച്ച് ഒന്നുവരെ നടക്കും.

സാങ്കേതികരംഗത്ത് മികവ് പുലർത്തുന്ന വിദ്യാർഥികളെ കണ്ടെത്തുന്നതിനും സാങ്കേതികരംഗത്തെ ഏറ്റവും നൂതനാശയങ്ങൾ പരിചയപ്പെടുത്തുന്നതിനും വേണ്ടി നടത്തുന്ന ടെക്നിക്കൽ ഫെസ്റ്റിന് 29 ന് രാവിലെ ഒമ്പതിന് തിരിതെളിയും.

സിവിൽ, മെക്കാനിക്കൽ, ഇലക്ട്രോമിക്, ഇലക്ട്രിക്കൽ, കമ്പ്യൂട്ടർ എന്നീ വിവിധ ഡിപ്പാർട്ടുമെന്റുകൾ സംഘടിപ്പിക്കുന്ന മത്സരങ്ങളും പ്രോജക്ട് പ്രസന്റേഷൻ, ടെക്നിക്കൽ എക്സ്പോ, വെബ് ഡിസൈനിങ്, ക്വിസ് കോമ്പിറ്റീഷൻ തുടങ്ങിയവയും മറ്റു എന്റർടൈൻമെന്റ് മത്സരങ്ങളും ടെക്നിക്കൽ ഫെസ്റ്റിനെ കൂടുതൽ മികവുറ്റതാക്കും. മത്സരയിനങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടുന്നവർക്ക് കാഷ് അവാർഡുകളും ആക്ടിവിറ്റി പോയിന്റ് സർട്ടിഫിക്കറ്റുകളും ലഭിക്കും.

വിവിധിയനങ്ങളിലായി നടക്കുന്ന മത്സരിയനങ്ങളിൽ പങ്കെടുക്കാൻ താല്പര്യമുള്ള വർക്ക് കോളജ് വെബ്സൈറ്റ് മുഖേനയോ സ്പോർട്ട് രജിസ്ട്രേഷനോ ചെയ്യാവുന്നതാണ്. ഫോൺ 0487-2391239

സമദർശി സെമിനാർ

തൃശൂർ: സമദർശി സെമിനാർ ബുധനാഴ്ച. ജാതി എന്ന സാമൂഹിക പരികല്പന ഏറ്റവും കൂടുതൽ ചർച്ചാവിഷയമാകുന്ന ഈ കാലത്ത് ബ്രാഹ്മണ്യ ഇന്ത്യയിലെ ജാതി വിരുദ്ധ പോരാട്ടങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി സമദർശി സെമിനാർ സംഘടിപ്പിക്കുന്നു.

കേരള സാഹിത്യ അക്കാദമി ഹാളിൽ ബുധനാഴ്ച അഞ്ചിനാണ് സംവാദം. വിഖ്യാത മാധ്യമപ്രവർത്തകനും ഗ്രന്ഥകാരനുമായ മനോജ് മിട്ടയാണ് ഉദ്ഘാടകൻ. നിയമ വ്യവസ്ഥ, സാമൂഹ്യ നീതി, മനുഷ്യാവകാശങ്ങൾ തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ പഠനങ്ങൾ നടത്തിയിട്ടുള്ള ഗവേഷകനാണ് മനോജ് മിട്ട. വർഷങ്ങൾ നീണ്ട ഗവേഷണത്തെ തുടർന്ന് രചിക്കപ്പെട്ട അദ്ദേഹത്തിന്റെ പുതിയ പുസ്തകം കാസ്റ്റ് പ്രൈഡ് രണ്ട് നൂറ്റാണ്ടുകളിലെ ഇന്ത്യൻ ജാതിവ്യവസ്ഥയുടെ ഗതിവിഗതികളെ സമഗ്രമായി പരിശോധിക്കുന്നു. ഏറെ മാധ്യമശ്രദ്ധ നേടിയ ഈ പുസ്തകം ജാതിവരേണ്യത നിലനിർത്തുന്നതിന് നിയമനിർമാണ സഭകളും നീതിന്യായ വ്യവസ്ഥയും നൽകിയ പിന്തുണയടക്കം വിമർശനാത്മകമായി പരിശോധിക്കുന്നു. ഡോ. ടി.എസ്. ശ്യാംകുമാർ സെമിനാറിൽ സംബന്ധിച്ച പ്രഭാഷണം നിർവഹിക്കും.

ഇന്ത്യൻ ജനാധിപത്യത്തേയും സാമൂഹികാവസ്ഥയേയും നിർണയിക്കുന്ന ഘടകങ്ങളെ അപഗ്രഥിക്കുന്ന സമദർശി സംവാദന പരമ്പരയുടെ തുടർച്ചയാണ് ബുധനാഴ്ചയിലെ സെമിനാർ.

ഊരുമൂപ്പന് മർദനമേറ്റ കേസ്: ഫോറസ്റ്റ് റേഞ്ച് വാച്ചർക്കെതിരേ മലക്കപ്പാറ പോലീസ് കേസെടുത്തു

ചാലക്കുടി: ഊരുമൂപ്പന് മർദനമേറ്റ കേസിൽ ഫോറസ്റ്റ് റേഞ്ച് വാച്ചർക്കെതിരേ മലക്കപ്പാറ പോലീസ് കേസെടുത്തു. കുട്ടമ്പുഴ ഫോറസ്റ്റ് റേഞ്ച് വാച്ചർ ജോമോനെതിരെയാണ് കേസെടുത്തത്. വീരാൻകുടി കോളനിയിലെ ഊരുമൂപ്പൻ വീര(80)നാണ് മർദനമേറ്റത്. ഉരുൾപൊട്ടൽ ഭീഷണിയെ തുടർന്ന് രണ്ട് വർഷം മുമ്പ് വീരാൻകുടി കോളനിയിലെ ഒമ്പത് കുടുംബങ്ങളെ ഇവിടെനിന്നും മാറ്റിയിരുന്നു. മഴക്കാലത്ത് ഇവർക്ക് മലക്കപ്പാറ കമ്യൂണിറ്റി ഹാളിൽ താമസമൊരുക്കുകയും മഴ മാറുന്നതോടെ ഇവിടെ നിന്നും പറഞ്ഞുവിടുകയുമാണ് പതിവ്. ഇവർക്ക് സ്ഥിരതാമസിത്തിനായി ഭൂമി നല്കാമെന്ന് ജില്ലാ ഭരണകൂടം ഉറപ്പ് നല്കിയിരുന്നെങ്കിലും പാലിക്കപ്പെട്ടില്ല.

ഇതേതുടർന്ന് ഇവർ ഞണ്ടുചുക്കാൻപാറയിൽ രണ്ടാഴ്ച മുമ്പ് ഷെഡ് കെട്ടി താമസം തുടങ്ങി. എന്നാൽ ഇവിടെനിന്നും ഒഴിഞ്ഞുപോകാൻ വനപാലകർ ആവശ്യപ്പെട്ടെങ്കിലും ഒഴിഞ്ഞുപോകാൻ ഇവർ തയാറായില്ല. ഇത് സംബന്ധിച്ച തർക്കം വാക്കേറ്റത്തിലും ഊന്തുംതള്ളലിലും കലാശിച്ചു. ഇതിനിടെയാണ് ഊരുമൂപ്പന് മർദനമേറ്റത്.

അമ്മയെ കൊലപ്പെടുത്തിയ സംഭവം: മകൻ റിമാൻഡിൽ

കായംകുളം: അമ്മയെ അടിച്ചു കൊന്ന കേസിൽ മകനെ റിമാൻഡ് ചെയ്തു. പുതുപ്പള്ളി വടക്ക് വടക്കേ ആഞ്ഞിലിമൂടിന് സമീപം പണിക്കശേരിൽ ബ്രഹ്മദേവനെ (43) യാണ് റിമാൻഡ് ചെയ്തത്. ഇയാളുടെ മാതാവ് പരേതനായ തങ്കപ്പന്റെ ഭാര്യ ശാന്തമ്മയെ (72) യാണ് മർദിച്ച് കൊലപ്പെടുത്തിയത്. മദ്യപാനിയായ ശാന്തമ്മ കഴിഞ്ഞ 24 ന് സമീപവാസിയുടെ വീട്ടിൽ നടന്ന കണിയാമുറി ക്ഷേത്രത്തിലെ ആറാട്ട് ഉത്സവ സമയം മദ്യപിച്ച് ബോധംകെട്ട് കിടന്നതിലുള്ള വിരോധമാണ് കൊലപാതകത്തിൽ കലാശിച്ചതെന്ന് പോലീസ് പറഞ്ഞു.

24 ന് രാത്രി വീട്ടിലെത്തിയ ശാന്തമ്മയെ വയറിന്റെ ഇടത് ഭാഗത്ത് ശക്തിയായി ഇടിച്ച് പ്ലീഹയ്ക്ക് പൊട്ടലുണ്ടാക്കിയതും ആന്തരിക രക്തസ്രാവം ഉണ്ടായതുമാണ് മരണകാരണം. കിടപ്പുമുറിയിലേക്ക് ശാന്തമ്മയെ വലിച്ചെറിഞ്ഞപ്പോൾ വാരിയെല്ല് പൊട്ടുകയും തലയ്ക്ക് പരുക്കേൽക്കുകയും ചെയ്തു.

അമ്മയെ 25 ന് രാവിലെ ആശുപത്രിയിൽ എത്തിക്കുകയും ഡോക്ടർ അമ്മ മരിച്ചതായി പറഞ്ഞതായും പോലീസിന് മൊഴി നൽകി. മൃതദേഹം പരിശോധിച്ച പോലീസിന് സംശയം തോന്നിയതോടെ ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനയച്ചു. തുടർന്നാണ് കൊലപാതകമാണെന്ന് സ്ഥിരീകരിച്ചത്. ബ്രഹ്മദേവനെ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു.

ഡിവൈ.എസ്.പി: അജയ് നാഥിന്റെ മേൽനോട്ടത്തിൽ സി.ഐ: ഗിരിലാൽ, എസ്. ഐമാരായ ഉദയകുമാർ, രതീഷ്ബാബു, അജിത്ത്, എ.എസ്.ഐ: ജോളി, പോലീസ് ഉദ്യോഗസ്ഥരായ രെജി, രതീഷ്, സബീഷ് എന്നിവരടങ്ങിയ സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

❑ വിലനിലവാരം

● **കൊച്ചി**
● **വെളിച്ചെണ്ണ**
മില്ലിങ്..... 14,200
വെളിച്ചെണ്ണ..... 13,700
കൊപ്ര..... 9200-9400
● **കുരുമുളക്**
പുതിയത്..... 51000
അൺഗാർബിൾഡ്..... 53300
ഗാർബിൾഡ്..... 54000
● **പിണ്ണാക്ക്**
എക്സ്പെല്ലർ..... 2800
റോട്ടറി..... 3100
● **ചുക്ക്**
മീഡിയം..... 37,000
ബെസ്റ്റ്..... 39,000
● **മഞ്ഞൾ**
നാടൻ..... 15,000
സേലം..... 17,000
കാഞ്ഞിരക്കുരു..... 1850
അടയ്ക്ക 30,000
പഞ്ചസാര..... 3960
മുളക്..... 27,500
ഉഴുന്ന്..... 10,900-11,600
ചെറുപയർ..... 10,300-11,800
കടല..... 6300-9000
മുതിര..... 7500
എള്ള്..... 20,000
മല്ലി..... 7800-9200
പച്ചരി നമ്പർ 1 14600
പുഴുക്കലരി (ജയ)..... 4200
● **ജാതിക്ക**
തൊണ്ടൻ..... 200-220
തൊണ്ടില്ലാത്തത്..... 390-430
പത്രി ചുവപ്പ്..... 900-1200
ഫ്ളവർ ചുവപ്പ്..... 1200-1450
ഫ്ളവർ മഞ്ഞ..... 1200-1400
● **കാലടി വിപണി**
ജാതിക്ക തൊണ്ടൻ..... 220-250
തൊണ്ടില്ലാത്തത്..... 390-430
പത്രിചുവപ്പ്..... 900-1200
ഫ്ളവർ ചുവപ്പ് മഞ്ഞ.... 1200-1450
ഗ്രാമ്പൂ..... 900-980
സ്വർണം പവൻ.....46,080
സ്വർണം ഗ്രാം.....5760
ഒട്ടുപാൽ.....10,600
ലാറ്റക്സ്.....11,400
പാംഓയിൽ 8600
റബർ ബോർഡ്
● **കോട്ടയം**
ആർ.എസ്.എസ്.4..... 16700
ആർ.എസ്.എസ്.5..... 16300
ഐ.എസ്.എൻ.ആർ-20..... 14700
ലാറ്റക്സ് 60%.....12205
● **കൊച്ചി**
ആർ.എസ്.എസ്.4..... 16700
ആർ.എസ്.എസ്.5..... 16300
● **ബാങ്കോക്ക്**
ആർ.എസ്.എസ്. 1..... 19373
ആർ.എസ്.എസ്. 2..... 19235
ആർ.എസ്.എസ്. 3..... 19109
ആർ.എസ്.എസ്. 4..... 19040
ആർ.എസ്.എസ്. 5..... 18936
● **പൈനാപ്പിൾ**
പച്ച..... 27
പഴം..... 30
● **ആലപ്പുഴ**
വെളിച്ചെണ്ണ..... 13900-14500
കൊപ്രാതെളിവ്..... 9600
കൊപ്രാ ഓടെ..... 9550
കൊപ്രാ രാശി..... 9500
സ്വർണം ഒരു ഗ്രാം..... 5760
സ്വർണം എട്ടുഗ്രാം..... 46080
തങ്കം 10 ഗ്രാം..... 60600
വെള്ളി ഒരു കിലോ.....76000

കേരള വാട്ടർ അതോറിറ്റി/ ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : WRD/KWA-CE(SR)/TR/28581/2023_5_1_1/R
സംസ്ഥാന പദ്ധതി 2021-22 - ജിക്കാ സഹായത്തോടെ മീനാടും സമീപ ഗ്രാമങ്ങളിലേക്കുമുള്ളകുടിവെള്ളപദ്ധതി - ഉപയോഗിച്ച വാഷ് വാട്ടർ റീസൈക്കിൾ പമ്പ് സെറ്റ് 73 mld വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറിൽ വിതരണം ചെയ്തസ്ഥാപിക്കുന്ന പ്രവൃത്തി.
നിരതദ്രവ്യം : Rs. 11284/-, ടെണ്ടർ ഫീസ് : Rs. 995/-
ദർഘാസ് സമർപ്പിക്കേണ്ടഅവസാന തീയതി : 06-03-2024 03:30:pm
ഫോൺ : 0474 2470219, വെബ് സൈറ്റ്:www.kwa.kerala.gov.in www.etenders.kerala.gov.in
KWA-JB-GL-6-2475-2023-24 അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ PH സബ് ഡിവിഷൻ വാളകം

കേരള വാട്ടർ അതോറിറ്റി/ ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : 52/2023-24/HWD/JJM
ജല ജീവൻ മിഷൻ 86 MLD പ്ലാന്റിലെ മലിനജല പുനരുപയോഗവും ചെളി മാറ്റലും -86 MLD പ്ലാന്റിലെ ശേഷിക്കുന്ന പ്രവർത്തികൾ അരുവിക്കര - ചിത്തിരക്കുന്ന് - പൈപ് ലൈൻ വർക്ക്
നിരതദ്രവ്യം : Rs. 50000/-, ടെണ്ടർ ഫീസ് : Rs. 2760/-
ദർഘാസ് സമർപ്പിക്കേണ്ടഅവസാന തീയതി : 06-03-2024 03:00:pm
ഫോൺ : 04722888280, വെബ് സൈറ്റ്:www.kwa.kerala.gov.in www.etenders.kerala.gov.in
KWA-JB-GL-6-2477-2023-24 എക്സിക്യൂട്ടീവ് എഞ്ചിനീയർ HW ഡിവിഷൻ അരുവിക്കര

പരസ്യം

KL-49-H-5153, എന്ന മോട്ടോർ കാർ വാഹനത്തിന്റെ ഉടമസ്ഥനായ ശ്രീ സുബ്രമണ്യൻ.പി.എ, S/o. അനന്തരാമ ഐയ്യർ, വെസ്റ്റ് വില്ലേജ്, കാവശ്ശേരി, പാലക്കാട് എന്നയാൾ ഒരു ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനായി ഈ ഓഫീസിൽ അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത വാഹനത്തിന്റെ ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ഈ പരസ്യ തീയ്യതി മുതൽ 7 ദിവസത്തിനകം ആലത്തൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെയോ ആലത്തൂർ പോലീസ് സ്റ്റേഷനിലോ രേഖാമൂലം അറിയിക്കേണ്ടതാണ്.
എന്ന്, (ഒപ്പ്) ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ആലത്തൂർ

കേരള വാട്ടർ അതോറിറ്റി/ ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്

ദർഘാസ് : 04/2023-24/AEE/PHSD/MALA
ജൽ ജീവൻ മിഷൻ - cwss to മേത്തല , എറിയാട് , എടവിലങ്ങു, കാടുകുറ്റി പഞ്ചായത്തുകളിലേക്കു പൈപ്പ് ലൈൻ നീട്ടി കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവർത്തി.
നിരതദ്രവ്യം : Rs. 19575, ടെണ്ടർ ഫീസ് : Rs. 1730+(0)GST
ദർഘാസ് സമർപ്പിക്കേണ്ടഅവസാന തീയതി : 14-03-2024 03:00:pm
ഫോൺ : 04802890370, വെബ് സൈറ്റ്:www.kwa.kerala.gov.in www.etenders.kerala.gov.in
അസിസ്റ്റൻഡ് എക്സിക്യൂട്ടീവ് എഞ്ചിനീയർ PH സബ് ഡിവിഷൻ മാള
KWA-JB-GL-6-2481-2023-24

TATA

ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്
Regd. Off.: 11th Floor, Tower A, Peninsula Business Park, Ganpatrao Kadam Marg, Lower Parel, Mumbai - 400013.
Branch Off.: Ground Floor, Jain Tower - II, NH- 17, Near Lulu Mall, Edapally, Cochin 682024, Kerala.

സ്ഥാവരവസ്തുക്കളുടെ വില്പനനോട്ടീസ്
(സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002 റൂൾ 9(1) അനുസരിച്ച്)

സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002, റൂൾ 9(1) വുവസ്ഥപ്രകാരം.സ്ഥാവര ആസ്തികളുടെ ഇ ലേലത്തിനുള്ള വില്പന നോട്ടീസ്

ഈ നോട്ടീസ് പ്രകാരം വായ്പക്കാരെ/സഹവായ്പക്കാരെ അല്ലങ്കിൽ അവരുടെ നിയമപരമായ അവകാശികളെയോ അവരുടെ പ്രതിനിധികളെയോ പ്രത്യേകിച്ചും പൊതുജങ്ങളെ പൊതുവിലും അറിയിക്കുന്നതെന്തെന്നാൽ, ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിലേക്ക് പണയപ്പെടുത്തിയിരിക്കുന്നതും ടി.സി.എച്ച്.എഫ്. എൽന്റെ അംഗീകൃത ഓഫീസർ ഏറ്റെടുത്തിട്ടുള്ളതുമായ താഴെ വിവരിച്ചിരിക്കു സ്ഥാവര സ്വത്തുക്കൾ താഴെപ്പറയുന്ന വായ്പക്കാർ/ സഹവായ്പക്കാരിൽ നിന്നും കുടിശ്ശികയുള്ള കുടിശ്ശികകൾ വിണ്ടെടുക്കുതിനായി എവിടെയാണോ ഉള്ളത്, എങ്ങനെയാണോ ഉള്ളതുപോലെ ആയിരിക്കുന്ന അവസ്ഥയിൽ എന്ന വ്യവസ്ഥപ്രകാരം 21.09.2023 ന് വിൽക്കുന്നതാണ് എന്ന് അറിയിച്ചുകൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യവും ചുവടെ സൂചിപ്പിച്ചിരിക്കുന്നു.വിൽപന നിർത്തലാക്കുന്നതും മാറ്റിവയ്ക്കാതിരിക്കുന്നതുമായ സാഹചര്യത്തിൽ പ്രസ്തുത സുരക്ഷിത ആസ്തി/വസ്തു ഇലേലത്തിലൂടെ മേൽപറഞ്ഞ 21.09.2023. ന് ഉച്ചയ്ക്ക് 2 മണിക്ക് വിൽക്കുമെന്ന് ഇതിനാൽ അറിയിപ്പ് നൽകുന്നു. ഇലേലത്തിൽ പങ്കെടുക്കുതിനുള്ള നിരതദ്രവ്യത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങുന്ന സീൽ ചെയ്ത കവർ ടി.സി.എച്ച്.എഫ്.എൽന്റെ അംഗീകൃത ഓഫീസർക്ക് 20.09.2023 നോ അതിനുമുമ്പോ വൈകുരേം 5 മണി ക്കുമുമ്പായി ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ജെയിൻ ടവർ-2, എൻ.എച്ച് 17, ലുലു മാളിന് സമീപം, ഇടപ്പള്ളി, കൊച്ചി 682024, കേരള.. എന്ന ബ്രാഞ്ച് വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.
ഏറ്റെടുത്തിരിക്കുന്ന സ്ഥാവരവസ്തുക്കൾ എവിടെയാണോ അവിടെ എന്ന വ്യവസ്ഥയനുസരിച്ച് വിൽപന നടത്തുന്ന സ്വത്തിന്റെ വിവരങ്ങൾ താഴെ വിവരിച്ചിരിക്കുന്നു.

സീ നം	ലോൺ അക്കൗണ്ട് നം. & ബ്രാഞ്ച്	കടം വാങ്ങിയ ആളുടെ പേര്, കോ- ബോറോവർ, നിയമപരമായ അവകാശി/ നിയമ പ്രതിനിധി/ ഗ്യാരണ്ടർ (കൾ)	ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക	റിസർവ് തുക	ഏണസ്റ്റ് മണി	പൊസഷന്റെ സ്വഭാവം
1)	9527277 & 100074392	ശ്രീ. അഷറഫ് കെ.കെ. (വായ്പക്കാരൻ), ആയിഷ ട്രേഡേഴ്സ് ജാസ്മിൻ കെ (സഹ-വായ്പക്കാർ)	രൂപ. 1,56,65,389/- (ഒരു കോടി അൻപത്തിയാറു ലക്ഷത്തി അറുപത്തി അയ്യായിരത്തി മുന്നൂറ്റി എൺപത്തി ഒമ്പത് രൂപ മാത്രം) കരാർ നമ്പർ 9527277 പ്രകാരവും രൂപ. 21,96,811/- (ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എണ്ണൂറ്റി പതിനൊന്ന് രൂപ മാത്രം) കരാർ നമ്പർ 100074392 പ്രകാരവും രണ്ടും കൂടി ചേർത്ത് ആകെ മൊത്തം 1,78,62,200/ (രൂപ ഒരു കോടി എഴുപത്തിയെട്ടു ലക്ഷത്തി അറുപത്തി രണ്ടായിരത്തി ഇരുനൂറ് മാത്രം) നിങ്ങൾ അടയ്ക്കേണ്ടതാണ്. 18-06-2021	Rs. 72,50,000/- (രൂപ എഴുപത്തിരണ്ട് ലക്ഷത്തി അമ്പതിനായിരം മാത്രം)	Rs. 7,25,000/- (രൂപ ഏഴ് ലക്ഷത്തി ഇരുപത്തയ്യായിരം മാത്രം)	ഫിസിക്കൽ

സ്ഥാവര സ്വത്തിന്റെ വിവരണം: ജില്ല: പാലക്കാട്; ഉപജില്ല: ഒറ്റപ്പാലം; താലൂക്ക്: ഒറ്റപ്പാലം; വില്ലേജ്: ഒറ്റപ്പാലം-രണ്ട്; പരിധി: ഒറ്റപ്പാലം നഗരസഭ; സർവ്വേനമ്പർ: 100/1; വ്യാപ്തി: 06.07 ആർ. വസ്തുവിന്റെ അതിരുകൾ: ഒറ്റപ്പാലം -2 വില്ലേജിൽ സർവ്വേ നമ്പർ 100/1ൽ 06.07 ആർ വിസ്തീർണ്ണമുള്ള ഭൂമിയും മുഴുവൻ ഭാഗവും ഒപ്പം കെട്ടിട നമ്പർ 8/1160 നമ്പർ കെട്ടിടവും ഒപ്പം 1/5 അവകാശം (റോഡ്) 03.84 ആർ റോഡിന്റെ, സർവ്വേ നമ്പർ നമ്പർ 100/1 ൽ, രജിസ്ട്രേഷൻ ജില്ല പാലക്കാട്, ഒറ്റപ്പാലം ഉപജില്ല, അതിരുകൾ: കിഴക്ക്- ബാവയുടെയും മറ്റുള്ളവരുടെയും സ്വത്ത്; വടക്ക്- നടപ്പാത ; പടിഞ്ഞാറ്- അഷ്സത്തിന്റെ സ്വത്ത്; തെക്ക്- മുനിസിപ്പൽ റോഡ്.

ശ്രദ്ധിക്കുക: ടിസിഎച്ച്എഫ്എൽ ന് എതിരെ കടം വാങ്ങുന്നയാൾ ഫയൽ ചെയ്ത SA (SA.350/2022 / SA/240/2021) എറണാകുളം ഡിആർടി മുമ്പാകെ തീർപ്പുകൽപ്പിക്കാതെ യുള്ളതാകുന്നു. പ്രസ്തുത കേസിൽ ടിസിഎച്ച്എഫ്എൽ ന് എതിരെ സ്റ്റേ ഉത്തരവൊന്നും പുറപ്പെടുവിച്ചിട്ടില്ല.
ബിഡ് സമർപ്പിക്കുന്നതിന് മുമ്പ് ലേലക്കാർ കൃത്യമായ സൂക്ഷ്മത പുലർത്താൻ നിർദ്ദേശിക്കുന്നു. ലേലം വ്യവഹാരത്തിന്റെ ഫലത്തിന് വിധേയമായിരിക്കും.

ലേലത്തിൽ, പൊതുവെ പൊതുജനങ്ങളെ അവരുടെ ബിഡ്(കൾ) വ്യക്തിപരമായി സമർപ്പിക്കാൻ ക്ഷണിക്കുന്നു. ഈ അറിയിപ്പ് പ്രസിദ്ധീകരിച്ച തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ഫർതർ പബ്ലിഷ് സഹിതം മൊത്തം കുടിശ്ശിക അടയ്ക്കാനുള്ള അവസാന അവസരം നൽകി, പരാജയപ്പെട്ടാൽ ഷെഡ്യൂൾ പ്രകാരം സ്ഥാവര സ്വത്ത് വിൽക്കുന്നതാണ്. ലേലത്തിന്റെ തീയതിക്ക് മുമ്പ് പണം നൽകി മേൽപ്പറഞ്ഞ പ്രകാരം കുടിശ്ശികയുള്ള തുക, പലിശയും ചെലവും (വിൽപ്പനച്ചെലവും ഉൾപ്പെടെ) അംഗീകൃത ഓഫീസർക്ക് ടെൻഡർ ചെയ്യുകയോ അല്ലെങ്കിൽ അത്തരം സുരക്ഷിതമായ കടത്തിന്റെ തുകയും പലിശയും ചെലവും ഉണ്ടെന്ന് ബോധ്യപ്പെടുതിന് തെളിവ് നൽകുകയും ചെയ്താൽ ഇ ലേലം നിർത്തുന്നതാണ്.
ഈ വിൽപ്പനയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥനോ മറ്റ് വ്യക്തികളോ, നേരിട്ടോ അല്ലാതെയോ ലേല